**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2532** **13-09-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ചുമതലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയം ഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിക്കപ്പെട്ടതിന് ശേഷം വി.ഇ.ഒ. (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) മാർ നിലവിൽ ഏത് ഓഫീസറുടെ കീഴിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ള ഉദ്യോഗസ്ഥരാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ. വി.ഇ.ഒ മാരുടെ സേവന രേഖകളും മറ്റും അതാതു ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറിമാരാണ് കൈകാര്യം ചെയ്യുന്നത്. |
| (ബി) | നിലവിൽ ഇവർക്ക് ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം ജോലികൾ/ചുമതലകളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | I. <u>പൊതു ചുമതലകൾ</u><br>1. ഗ്രാമപഞ്ചായത്ത് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ<br>2. ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ കോർഡിനേറ്റർ<br>3. ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിന്റെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ<br>4. ശുചിത്വ മിഷൻ പഞ്ചായത്ത് തല കോർഡിനേറ്റർ.<br>5. ഗ്രാമസഭ കോർഡിനേറ്റർ<br>6. വാട്ടർഷെഡ് കമ്മിറ്റി സെക്രട്ടറി<br>7. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ<br>8. പ്രൊക്വയർമെന്റ് കമ്മിറ്റി അംഗം<br>9. ഗ്രാമകേന്ദ്രം കൺവീനർ<br>10. വാർദ്ധക്യകാല പെൻഷൻ അന്വേഷണ ഉദ്യോഗസ്ഥൻ<br>11. ബി.പി.എൽ, ജെ.എസ്.പി, സുതാര്യകേരളം അന്വേഷണ ഉദ്യോഗസ്ഥൻ<br>12. പഞ്ചായത്ത്, ബ്ലോക്ക് ഓഫീസുകളിൽ നിന്നുള്ള എൻ.ഒ.സി റിപ്പോർട്ട് തയ്യാറാക്കൽ.<br>13. പി.എം.കെ.എസ്.വൈ പ്രവൃത്തി കോർഡിനേറ്റർ |

| | | | |
|---|---|---|---|
| | | | 14. എം.കെ.എസ്.പി പ്രവൃത്തി കോർഡിനേറ്റർ<br>15. വിവിധ സ്വയംസഹായ സംഘങ്ങളുടെ കോർഡിനേറ്റർ<br>16. നാഷണൽ ന്യൂ ബയോഗ്യാസ് പദ്ധതി കോർഡിനേറ്റർ<br>17. സെറികൾച്ചറുമായി ബന്ധപ്പെട്ട് എ.എസ്.ഒ മാർക്ക് വേണ്ട സഹായങ്ങ ചെയ്തുകൊടുക്കുക.<br>18. വിവിധ പ്രവൃത്തികളുടെ ഗുണഭോക്തൃസമിതി രൂപീകരണം.<br>19. വിവിധ പരിശീലന പരിപാടികളുടെ സംഘാടനം.<br>20. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കാര്യാലയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും രജിസ്റ്ററുകളുടേയും കസ്റ്റോഡിയൻ.<br>21. കാലാകാലങ്ങളിൽ പ്രിൻസിപ്പൽ ഡയറക്ടർ/ജില്ല കളക്ടർ/ ജില്ലാ ജോയിന്റ് ഡയറക്ടർ എന്നിവർ ഏല്പിക്കുന്ന പ്രവൃത്തികൾ<br><br>II വിവിധ ഗ്രാമീണ ഭവന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭവനരഹിതരേയു ഗ്രാമസഭയിലെത്തിച്ച് അർഹത പരിശോധന നടത്തി കരാർ ഉടമ്പടി വച്ച് വിവിധ ഘട്ടങ്ങളിൽ പരിശോധനയും മോണിറ്ററിംഗും നടത്തി ധനശുപാർശ നടത്തുകയും ജിയോടാഗിംഗ് ചെയ്യുന്നതും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയിൽപ്പെടുന്നു. ഭൂരഹിതർക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് അർഹത പരിശോധന നടത്തി, കരാർ വയ്ക്കുന്നതിന് സഹായം നൽകുക തുടങ്ങി നിയമപരമായ സഹായം നൽകുന്നതുൾപ്പെടെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയാണ്. ഭവന പുനരുദ്ധാരണ പദ്ധതിയിൽ കരാർ വയ്ക്കുന്നതു മുതൽ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തേണ്ടത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയാണ്.<br><br>III. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പും നീർത്തട പരിപാലനവും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രധാന ചുമതലയാണ്. |
| (സി) | പ്രസ്തുത ഓഫീസർമാർ ഗ്രാമപഞ്ചായത്ത് നൽകി | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | വരുന്ന ഉത്തരവുകൾ അനുസരിക്കാൻ മടി കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ ഏത് തസ്തികളിലേക്കാണ് ഏകീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2- തസ്തികയിൽ നിന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 തസ്തികയിലേക്കും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്കും സമാന തസ്തികകളായ ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്കുമാണ് സ്ഥാനക്കയറ്റം ഏകീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ